2005-06-ൽ 1104.06 കോടി രൂപയായിരുന്ന മൂലധനചെലവ് അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2009-10-ൽ 2751.05 കോടി രൂപയായി ഉയർന്നിട്ടുണ്ട്.

(ഡി) ♦ വാണിജ്യ നികുതി വകുപ്പിൽ നികുതി പിരിവ് കാര്യക്ഷമമാക്കാൻ ഇ-ഫയലിംഗ്, ഇ-പേമെന്റ് സംവിധാനങ്ങൾ നടപ്പിലാക്കി.

♦ ചെക്ക് പോസ്റ്റുകളിലെ നികുതി വെട്ടിപ്പ് തടയാനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു.

♦ ഭൂമിയുടെ ഫെയർ വാല്യൂ നിശ്ചയിച്ച് അതനുസരിച്ചുള്ള സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ഈടാക്കി വരുന്നു.

♦ പുതിയ നികുതിയേതര വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

♦ അനാവശ്യ ചെലവുകൾ ഒഴിവാക്കി റവന്യൂചെലവ് നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതെല്ലാമാണ് റവന്യൂ കമ്മി നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിച്ച പ്രധാന നടപടികൾ.

കലവറയിലൂടെ ഭവനനിർമ്മാണ സാമഗ്രികൾ എല്ലാവർക്കും നൽകാൻ നടപടി

9 (*459) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'കലവറ' എന്ന പേരിൽ ന്യായവില കേന്ദ്രം എന്നാണ് നിലവിൽ വന്നത് ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(സി) പ്രഖ്യാപിത ലക്ഷ്യമനുസരിച്ചുള്ള പ്രവർത്തന വിജയം കൈവരിക്കുവാൻ ഈ സ്ഥാപനത്തിനു കഴിഞ്ഞുവോ എന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) ന്യായവിലയ്ക്കു സാധന സാമഗ്രികൾ ലഭിക്കുമെന്ന പ്രതീക്ഷയിൽ പ്രസ്തുത കേന്ദ്രത്തെ സമീപിക്കുന്ന സാധാരണക്കാർക്ക് അത്യാവശ്യ സാധനങ്ങൾ പോലും യഥാസമയം ലഭിക്കുന്നില്ലായെന്ന സംഗതി

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഇ) കലവറയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിന് ഇതിന്റെ പ്രവർത്തനം ഊർജ്ജിതമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) :

(എ) 2008 മേയ് 20-ന് എറണാകുളം ജില്ലയിലെ കളമശ്ശേരിയിൽ ആദ്യത്തെ കലവറയുടെ പ്രവർത്തനം ആരംഭിച്ചു.

(ബി) കെട്ടിടനിർമ്മാണരംഗത്ത് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന സാധന സാമഗ്രികളുടെ ദൗർലഭ്യത്തിന് പരിഹാരം കാണുകയും ഗുണനിലവാരമുള്ള നിർമ്മാണസാമഗ്രികൾ ന്യായമയ വിലയ്ക്ക് സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുകയും അതുവഴി പൊതു വിപണിയിലെ നിർമ്മാണ സാമഗ്രികളുടെ കുതിച്ചുയരുന്ന വില ഒരു പരിധിവരെ നിയന്ത്രിക്കുകയും ചെയ്യുക എന്നതാണ് കലവറ എന്ന പദ്ധതിയുടെ ഉദ്ദേശം.

(സി) ഉണ്ട്. കലവറ എന്ന ആശയത്തിന് ജനങ്ങളിൽനിന്ന് പ്രോത്സാഹനപരമായ പ്രതികരണമാണ് ലഭിച്ചുവരുന്നത്. സംസ്ഥാനത്തെ കലവറകൾ ആരംഭിക്കാത്ത ജില്ലകളിലും പ്രധാനപ്പെട്ട താലൂക്ക് ആസ്ഥാനങ്ങളിലും കലവറകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ പത്ത് ജില്ലകളിൽ കലവറയുടെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. 9-3-2010-ൽ ബഹു. വനം-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അവലോകനയോഗം നടത്തുകയും കലവറയുടെ പ്രവർത്തനങ്ങൾക്കായി നിലവിലുള്ള മാർഗ്ഗരേഖകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി കൂടുതൽ ആളുകൾക്ക് പ്രത്യേകിച്ചും ബി.പി.എൽ. വിഭാഗങ്ങൾക്ക് പരമാവധി പ്രയോജനം ലഭിക്കത്തക്കവിധം കവലറകളെ മാറ്റി എടുക്കണമെന്ന് നിർദ്ദേശിക്കുകയും, അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്.

(ഡി) കെട്ടിട നിർമ്മാണത്തിനാവശ്യമായ പ്രധാന സാമഗ്രികളായ കമ്പി, സിമന്റ്, എന്നിവയും നിർമ്മിതി കേന്ദ്രങ്ങളുടെ ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്നുള്ള ഹോളോ ബ്ലോക്ക്, കോൺക്രീറ്റ് കട്ടിളകൾ എന്നീ സാമഗ്രികൾക്കും പുറമേ ഡാമുകളിൽനിന്നും ഖനനം ചെയ്തു ലഭിക്കുന്ന മണൽ, അനധികൃതമായി കടത്തിക്കൊണ്ടുവരുമ്പോൾ പിടിച്ചെടുക്കുന്ന മണൽ വനം വകുപ്പുമായി സഹകരിച്ച് വനം വകുപ്പിന്റെ കീഴിലുള്ള കടവുകളിൽനിന്നും ശേഖരിക്കുന്ന മണൽ എന്നിവയും ന്യായ വിലയ്ക്ക് കലവറകൾ വഴി സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഉപഭോക്താക്കൾക്ക് വിതരണം ചെയ്തുവരുന്നു.

മണലിനുള്ള അപേക്ഷകരുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇങ്ങനെ ലഭിക്കുന്ന മണൽ തികച്ചും അപര്യാപ്തമായി വരുന്നു. ആയതിനാൽ ആവശ്യപ്പെടുന്ന മണൽ കലവറയിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

നൽകുവാൻ സാധിക്കുന്നില്ല. ഇതിന് പരിഹാരം എന്ന നിലയിൽ പരിസ്ഥിതിക്ക് കോട്ടം വരുത്താത്ത രീതിയിൽ വിവിധ വകുപ്പുകളുടെ അംഗീകാരത്തോടെ കൂടുതൽ മണൽ സംഭരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിശോധിച്ചു വരുന്നു.

(ഇ) സംസ്ഥാനത്ത് കലവറകൾ ആരംഭിക്കാത്ത ജില്ലകളിലും പ്രധാനപ്പെട്ട താലൂക്ക് ആസ്ഥാനങ്ങളിലും കലവറകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കലവറകൾക്ക് പൊതുജനങ്ങൾക്കിടയിൽനിന്നും ലഭിച്ച സ്വീകാര്യതയുടെ വെളിച്ചത്തിൽ കെട്ടിടനിർമ്മാണത്തിനാവശ്യമായ എല്ലാ സാധന സാമഗ്രികളും ലഭ്യമാകുന്ന കലവറകൾ സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

പൊതുമരാമത്ത് ജോലികൾ നിർവ്വഹിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ നടപടി

10 (*460) ശ്രീ. എം. ഹംസ :
ശ്രീ. സാജു പോൾ :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് ജോലികൾ നിർവ്വഹിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) റോഡ്, പാലം, കെട്ടിടം മുതലായവ നിർമ്മിക്കുന്ന കേന്ദ്ര-സംസ്ഥാന ഏജൻസികളുടെ വിശദവിവരം അറിയിക്കുമോ ;

(സി) പ്രസ്തുത ഏജൻസികൾ പ്രതിവർഷം ഭരണ നടപടികൾക്ക് ചെലവഴിക്കുന്ന തുക എത്രയാണ് ;

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കാൻ ഇവർക്കുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് ; ജീവനക്കാർ എത്രയാണ് എന്ന് അറിയിക്കുമോ ;

(ഇ) വിവിധ സ്ഥാപനങ്ങൾ ഈ വർഷം പൂർത്തിയാക്കിയതും നിർമ്മാണം നടത്തിവരുന്നതുമായ പ്രധാന പദ്ധതികൾ എന്തൊക്കെയാണ് ; വിശദവിവരം അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly